(ബി) കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും, കയ്യേറ്റഭൂമി കണ്ടെത്തുന്നതിനും നീ-സർവ്വേ സംവിധാനം പുനഃസ്ഥാപിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമം(ഭേദഗതി) 2009 പ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് 783.02 ഹെക്ടർ ഭൂമി ഒഴിപ്പിച്ച് ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) അനധികൃതമായി കയ്യേറിയിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി) 2009 പ്രകാരം മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസർ, ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവരുടെ സഹായത്തോടെ നടപടികൾ നടന്നുവരുന്നു.

ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി

138(3060) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; ആർക്കാണ് ഇതിന്റെ നിർവ്വഹണ ചുമതല ; ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല എന്നാൽ തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരുന്നു.

കമളി സബ്സ്റ്റേഷനു ഭൂമി

139(T3061) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമളി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly